നം. സി.ഇ.ഇ/1515/2011/സി.എ.പി.-2012/റ്റി.എ.1

കേരള സർക്കാർ

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001**

## പത്രക്കുറിപ്പ്

# കേരള എഞ്ചിനീയറിംഗ്/മെഡിക്കൽ പ്രവേശനം 2012 : ഒന്നാം ഘട്ട അലോട്ടുമെന്റ് ജൂലൈ 12ന് പ്രസിദ്ധീകരിക്കുന്നു

2012 ലെ വിവിധ പ്രൊഫഷണൽ കോഴ്സുകളിലേയ്ക്കുള്ള കേന്ദ്രീകൃത അലോട്ടുമെന്റ് നടപടികൾ ജൂൺ മാസം 21-ാം തീയതി ആരംഭിച്ചിരുന്നു. **12** സർക്കാർ/എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകൾ, കേരള അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റിയുടേയും കേരള വെറ്റിനറി യൂണിവേഴ്സിറ്റിയുടേയും കീഴിലുള്ള ഓരോ എഞ്ചിനീയറിംഗ് കോളേജുകൾ, **20** സർക്കാർ നിയന്ത്രിത സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾ, യൂണിവേഴ്സിറ്റികളുടെ നിയന്ത്രണ ത്തിലുള്ള **3** സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾ, **109** സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾ, **5** സർക്കാർ മെഡിക്കൽ കോളേജുകൾ, **2** സർക്കാർ നിയന്ത്രിത സ്വാശ്രയ മെഡിക്കൽ കോളേജുകൾ, **15** സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകൾ, **3** സർക്കാർ ഡെന്റൽ കോളേജുകൾ, ഒരു സർക്കാർ നിയന്ത്രിത ഡെന്റൽ കോളേജ്, **18** സ്വകാര്യ സ്വാശ്രയ ഡെന്റൽ കോളേജുകൾ, മെഡിക്കൽ അനുബന്ധ കോഴ്സുകളിലേയ്ക്ക് കേരള അഗ്രികൾച്ചർ യൂണിവേഴ്സിറ്റിക്ക് കീഴിലുള്ള **3** കോളേജുകൾ, കേരള വെറ്റിനറി സർവ്വകലാശാലയ്ക്ക് കീഴിലുള്ള **2** കോളേജുകൾ, കേരള ഫിഷറീസ് സർവ്വകലാശാലയ്ക്ക് കീഴിലുള്ള ഒരു കോളേജ് എന്നിവയാണ് ഒന്നാം ഘട്ടത്തിൽ ഓപ്ഷൻ രജിസ്റ്റർ ചെയ്യുന്നതിന് ഉൾപ്പെടുത്തിയിരുന്നത്. ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള കാലാവധി 09.07.2012 ന് വൈകുന്നേരം 3 മണിക്ക് അവസാനിച്ചു. പ്രസ്തുത കാലയളവിൽ മൊത്തം 54111 വിദ്യാർത്ഥികൾ 2516760 ഓപ്ഷനുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ ഓപ്ഷനുകളുടെ അടിസ്ഥാനത്തിലുള്ള ഒന്നാം ഘട്ട അലോട്ടുമെന്റ് **www.cee.kerala.gov.in/capresult2012** എന്ന വെബ്സൈറ്റിൽ **ജൂലൈ 12 ന്** പ്രസിദ്ധീകരിക്കുന്നതാണ്.

വിദ്യാർത്ഥിയുടെ പേര്, റോൾ നമ്പർ, അലോട്ടുമെന്റ് ലഭിച്ച കോഴ്സ്, കോളേജ്, അനുവദിച്ചിട്ടുള്ള സംവരണം, അടയ്ക്കേണ്ട ട്യൂഷൻ ഫീസ് എന്നിവ വിദ്യാർത്ഥിയുടെ അലോട്ടുമെന്റ് പേജിൽ ലഭ്യമായിരിക്കും. ഈ അലോട്ടുമെന്റ് മെമ്മോയുടെ പ്രിന്റൗട്ട് വിദ്യാർത്ഥി എടുക്കേണ്ടതാണ്.

അലോട്ടുമെന്റ് ലഭിച്ച എല്ലാ വിദ്യാർത്ഥികളും **13.07.2012, 14.07.2012, 16.07.2012 എന്നീ തീയതികളിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ (SBT)** നിർദ്ദിഷ്ട ശാഖകളിലൊന്നിൽ അലോട്ടുമെന്റ് മെമ്മോയിൽ രേഖപ്പെടുത്തിയിട്ടുള്ളതും പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അടക്കേണ്ടതുമായ ഫീസ് അടച്ച് രസീത് കൈപ്പറ്റേണ്ടതാണ്. എസ്.ബി.റ്റി. ശാഖകളുടെ ലിസ്റ്റ് വെബ്സൈറ്റിൽ ലഭ്യമാണ്. ഓരോ കോഴ്സിനും നിശ്ചയിച്ചിട്ടുള്ള ട്യൂഷൻ ഫീസും, പ്രവേശന പരീക്ഷാ കമ്മീഷണറുടെ പേരിൽ ഒടുക്കേണ്ട തുകയും അഡ്മിഷൻ സമയത്ത് കോളേജിൽ ഒടുക്കേണ്ട ഫീസും സംബന്ധിച്ച പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട് (അനുബന്ധം - 1). അലോട്ടുമെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അടക്കേണ്ടതായി അലോട്ടുമെന്റ് മെമ്മോയിൽ സൂചിപ്പിച്ചിട്ടുള്ള തുക മാത്രം **SBT** ശാഖയിൽ അടച്ച് അലോട്ടുമെന്റ്

ഉറപ്പാക്കേണ്ടതാണ്. SC/ST/OEC വിഭാഗത്തിൽ എഞ്ചിനീയറിംഗ് കോഴ്സിന് അലോട്ടുമെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ 1000/- രൂപയും മറ്റു കോഴ്സുകളിൽ അലോട്ടുമെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ 100/-രൂപയും അടച്ച് അലോട്ടുമെന്റ് ഉറപ്പാക്കേണ്ടതാണ്. അലോട്ടുമെന്റ് നടപടികൾ പൂർത്തിയായി കഴിഞ്ഞാൽ പ്രസ്തുത തുക ഈ വിദ്യാർത്ഥികൾക്ക് മടക്കി നൽകുന്നതായിരിക്കും. നിശ്ചിത സമയത്തിനുള്ളിൽ ഫീസ് അടയ്ക്കാത്ത വിദ്യാർത്ഥികളുടെ അലോട്ടുമെന്റും എല്ലാ സ്ട്രീമിലെയും ഹയർ ഓപ്ഷനുകളും റദ്ദാകുന്നതാണ്.

ഇത്തരത്തിൽ ഫീസടച്ച് അലോട്ടുമെന്റ് ഉറപ്പാക്കിയ വിദ്യാർത്ഥികൾ ഈ ഓഫീസിൽ നിന്നും യഥാസമയം പുറപ്പെടുവിക്കുന്ന വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ മൂന്നാം ഘട്ടത്തിലെ അലോട്ടുമെന്റ് പ്രകാരം കോളേജിൽ ജോയിൻ ചെയ്യേണ്ടതാണ്. അപ്പോൾ മാത്രമാണ് സ്വകാര്യ സ്വാശ്രയ കോളേജുകളിൽ അടക്കേണ്ടതായി കാണിച്ചിട്ടുള്ള ട്യൂഷൻ ഫീസിന്റെ ബാക്കി തുക കോളേജിൽ അടക്കേണ്ടത്.

ലഭിച്ച അലോട്ടുമെന്റ് തൃപ്തികരമാണെങ്കിൽ തുടർന്നുള്ള അലോട്ടുമെന്റുകളിൽ ഉൾപ്പെടാതിരിക്കാൻ ഹയർ ഓപ്ഷൻ റദ്ദാക്കാവുന്നതാണ്. ഇങ്ങനെ റദ്ദാക്കാതിരിക്കുന്നതുമൂലം ഹയർ ഓപ്ഷൻ തുടർന്നുള്ള അലോട്ടുമെന്റുകളിൽ ലഭിച്ചാൽ ആയത് സ്വീകരിക്കുന്നതിനു വിദ്യാർത്ഥി ബാദ്ധ്യസ്ഥനായിരിക്കും. കൂടാതെ സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ ലഭിച്ച അലോട്ടുമെന്റ് റദ്ദാക്കാൻ താത്പര്യപ്പെടുന്ന വിദ്യാർത്ഥികൾക്ക് മൂന്നാം ഘട്ട അലോട്ടുമെന്റ് കഴിഞ്ഞതിനുശേഷം അതിനുള്ള അവസരം നൽകുന്നതായിരിക്കും. അപ്രകാരം അലോട്ടുമെന്റ് റദ്ദാക്കുന്ന വിദ്യാർത്ഥികൾക്ക് അവർ പ്രവേശന പരീക്ഷാ കമ്മീഷണറുടെ പേരിൽ അടച്ച തുക മടക്കി നല്കുന്നതാണ്. എന്നാൽ നാലാം ഘട്ടത്തിൽ സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ ലഭിക്കുന്ന അലോട്ടുമെന്റ് പ്രകാരം വിദ്യാർത്ഥി നിർബന്ധമായും കോളേജിൽ പ്രവേശനം നേടേണ്ടതും, അപ്രകാരം ചെയ്യാതിരുന്നാൽ നിയമപ്രകാരമുള്ള പിഴ ഒടുക്കാൻ ബാദ്ധ്യസ്ഥനാകുന്നതുമാണ്.

സെപ്റ്റംബർ മാസത്തിൽ മെഡിക്കൽ കോഴ്സുകളിലേക്ക് നടത്തുന്ന അവസാന ഘട്ട അലോട്ടുമെന്റിന് തൊട്ട് മുമ്പുള്ള അലോട്ടുമെന്റ് വരെ അലോട്ടുമെന്റ്/അഡ്മിഷൻ റദ്ദാക്കുന്നവരുടെ ഫീസ് തിരിച്ച് നൽകുന്നതാണ്.

രണ്ടാം ഘട്ട കേന്ദ്രീകൃത അലോട്ടുമെന്റ് സംബന്ധിച്ച വിശദമായ വിജ്ഞാപനം യഥാസമയം പുറപ്പെടുവിക്കുന്നതാണ്.

കൂടുതൽ വിവരങ്ങൾക്ക് ഹെൽപ്പ് ലൈൻ നമ്പരുകളായ **0471 2339101, 2339102, 2339103, 2339104** എന്നിവയിലും സിറ്റിസൺ കാൾസെന്ററിന്റെ **155300, 0471-2115054, 2115098, 2335523** എന്നീ നമ്പരുകളിലും ബന്ധപ്പെടാവുന്നതാണ്.

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
11 .07.2012

അനുബന്ധം - **1**

## ട്യൂഷൻ ഫീസ് ഘടന - എഞ്ചിനീയറിംഗ്

| എഞ്ചിനീയറിംഗ് കോഴ്സുകൾ | സർക്കാർ കോളേജുകൾ | സർക്കാർ നിയന്ത്രിത സ്വാശ്രയ കോളേജുകൾ | | സ്വകാര്യ സ്വാശ്രയ കോളേജുകൾ | കാത്തലിക് മാനേജുമെന്റിനു കീഴിലുള്ള കോളേജുകൾ | അഗ്രികൾച്ചർ എഞ്ചിനീയറിംഗ് കോഴ്സുകൾ | ഫുഡ് എഞ്ചിനീയറിംഗ് കോഴ്സുകൾ | ഡയറി സയൻസ് & ടെക്നോളജി കോഴ്സുകൾ |
|---|---|---|---|---|---|---|---|---|
| ട്യൂഷൻ ഫീസ് | 6200/- രൂപ | 35% സർക്കാർ സീറ്റ് 35000/-രൂപ | 65% മാനേജ്മെന്റ് സീറ്റ് 65000/-രൂപ | 65000/-രൂപ | 75000/-രൂപ + 100000/- രൂപ തിരികെ ലഭിക്കുന്ന പലിശ രഹിത ഡിപ്പോസിറ്റ് | 9000/- ഓരോ സെമസ്റ്ററിനും | 26500/- ഓരോ സെമസ്റ്ററിനും | 3100/-ഓരോ സെമസ്റ്ററിനും |
| പ്രവേശന പരീക്ഷാ കമ്മീഷണറുടെ പേരിൽ അടക്കേണ്ട തുക | 6200/- രൂപ | 35000/-രൂപ | 65000/-രൂപ | 10000/-രൂപ | 10000/-രൂപ | 9000/-രൂപ | 26500/-രൂപ | 3100/-രൂപ |

## ട്യൂഷൻ ഫീസ് ഘടന - മെഡിക്കൽ കോഴ്സുകൾ

| മെഡിക്കൽ കോഴ്സുകൾ | സർക്കാർ കോളേജുകൾ | സർക്കാർ നിയന്ത്രിത സ്വാശ്രയ കോളേജുകൾ | | സ്വകാര്യ സ്വാശ്രയ കോളേജുകൾ | ക്രിസ്റ്റ്യൻ പ്രൊഫഷണൽ മാനേജുമെന്റിനു ഫെഡറേഷനു കീഴിലുള്ള കോളേജുകൾ | Dr. സോമർവെൽ മെമ്മോറിയൽ CSI മെഡിക്കൽ കോളേജ്, കാരക്കോണം |
|---|---|---|---|---|---|---|
| <u>എം.ബി.ബി.എസ്</u> ട്യൂഷൻ ഫീസ് | 25000/- രൂപ | സർക്കാർ സീറ്റ് 1,50,000/-രൂപ | മാനേജ്മെന്റ് സീറ്റ് 5,50,000/-രൂപ | 1,50,000/-രൂപ | 3,75,000/-രൂപ | 3,75,000/-രൂപ |
| പ്രവേശന പരീക്ഷാ കമ്മീഷണറുടെ പേരിൽ അടക്കേണ്ട തുക | 25000/- രൂപ | 1,50,000/-രൂപ | 5,50,000/-രൂപ | 1,50,000/-രൂപ | 1000/-രൂപ | 1000/-രൂപ |
| <u>ബി.ഡിഎസ്</u> ട്യൂഷൻ ഫീസ് | 23000/- രൂപ | സർക്കാർ സീറ്റ് 1,20,000/-രൂപ | മാനേജ്മെന്റ് സീറ്റ് 3,75,000/-രൂപ | 1,20,000/-രൂപ | 2,75,000/-രൂപ | -- |
| പ്രവേശന പരീക്ഷാ കമ്മീഷണറുടെ പേരിൽ അടക്കേണ്ട തുക | 23000/- രൂപ | 1,20,000/-രൂപ | 3,75,000/-രൂപ | 1,20,000/-രൂപ | 1000/-രൂപ | -- |

## ട്യൂഷൻ ഫീസ് ഘടന - മെഡിക്കൽ അനുബന്ധ കോഴ്സുകൾ

| കോഴ്സുകൾ | ട്യൂഷൻ ഫീസ് | പ്രവേശന പരീക്ഷാ കമ്മീഷണറുടെ പേരിൽ അടക്കേണ്ട തുക |
|---|---|---|
| ഫിഷറീസ് (BFSc) | 2,125/-രൂപ | 2,125/-രൂപ |
| ബി.എസ്.സി. അഗ്രികൾച്ചർ & ഫോറസ്ട്രി | 9,000/-രൂപ ഓരോ സെമസ്റ്ററിനും | 9,000/-രൂപ |
| BVSc & AH (Veterinary) | 9,000/-രൂപ ഓരോ സെമസ്റ്ററിനും | 9,000/-രൂപ |